പൂട്ടിക്കിടന്നത് തുറക്കുന്നതുൾപ്പെടെ എത്രയോ കാര്യങ്ങൾ നടത്തി തന്നിട്ടുണ്ട്. അതുകൊണ്ട് അടച്ചു പറയരുത്, എല്ലാവരും കൃത്യമായി മറുപടി നൽകണമെന്ന നിർദ്ദേശം നൽകുന്നതായിരിക്കും.

VI. സബ്മിഷൻ

(1) വരൾച്ചയും വിലത്തകർച്ചയുംമൂലം കടക്കെണിയിൽപ്പെട്ട് ആത്മഹത്യചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, നമ്മുടെ കേരളത്തെ സംബന്ധിച്ച് കേന്ദ്ര കൃഷിവകുപ്പുമന്ത്രിയുടെ ഒരു മറുപടി എം.പി.-മാർക്ക് നൽകിയത് കേരളത്തിന്റേയും ഇന്ത്യയുടേയും ആകെത്തന്നെ ശ്രദ്ധയ്ക്കുവിധേയമായ ഒരു പ്രശ്നമാണെന്ന് ഗവൺമെന്റ് മനസ്സിലാക്കുമെന്ന് ഞാൻ ആശിക്കുന്നു. വരൾച്ചയും വിലത്തകർച്ചയുംമൂലം കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തവരുടെ വിവരങ്ങൾ അന്വേഷിക്കാൻവേണ്ടി കേരള ഗവൺമെന്റിനെ കേന്ദ്ര ഗവൺമെന്റ് സമീപിച്ചപ്പോൾ നൽകിയ മറുപടി ഇവിടെ അങ്ങനെയാരും മരിച്ചിട്ടില്ല എന്നായിപ്പോയി. കഴിഞ്ഞ അസംബ്ലിയിൽ ഇപ്പുറത്തുനിന്നുമുള്ള മെമ്പർമാരുടെ ചോദ്യത്തിന് മറുപടിയായി വിലത്തകർച്ചയിലും കടക്കെണിയിലുംപെട്ട് 871 പേർ ആത്മഹത്യ ചെയ്തതായി മുഖ്യമന്ത്രിയുടെതന്നെ ഒരു മറുപടി ലഭിച്ചിട്ടുണ്ട്. അതിനുപുറമെയാണ് നമ്മുടെ ഗവൺമെന്റിന്റെതന്നെ സഹകരണ വകുപ്പുമന്ത്രി വരൾച്ചക്കാലത്ത് വയനാട്ടിൽ ചെല്ലുകയും ആത്മഹത്യചെയ്ത 11 കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായം നൽകുകയും ചെയ്തത്. രണ്ടുമാസക്കാലത്തേയ്ക്ക് അദ്ദേഹം ഈ ഗവൺമെന്റിനുവേണ്ടി free ration പ്രഖ്യാപിക്കുകയും ചെയ്തു. ഇതെല്ലാം വസ്തുതയായിരിക്കേ, ഗവൺമെന്റിന്റെതന്നെ മുഖ്യമന്ത്രിയുടെ മറുപടി, ഗവൺമെന്റിന്റെതന്നെ സഹകരണ വകുപ്പുമന്ത്രിയുടെ സഹായം, ഇതെല്ലാം നിലനിൽക്കുമ്പോൾ കൃഷിവകുപ്പുമന്ത്രിയാകട്ടെ ആ വകുപ്പിൽനിന്നും അഞ്ചുപൈസപോലും ഇങ്ങനെ മരണപ്പെട്ട കുടുംബങ്ങൾക്ക് നൽകിയില്ല എന്നതോപോകട്ടെ, അങ്ങനെ യാതൊരു ആത്മഹത്യയും നടന്നിട്ടില്ലെന്ന് യാതൊരു ഉളുപ്പുമില്ലാതെ കേന്ദ്ര കൃഷിവകുപ്പുമന്ത്രിക്ക് മറുപടി അയക്കുകയാണ് ചെയ്തത്. അയച്ച മറുപടിയെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രന്റെ സബ്മിഷന് മറുപടി പറഞ്ഞുകൊണ്ട് അയച്ച കത്തിന്റെ സ്വഭാവം ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വായിച്ചുകേൾപ്പിക്കുകയുണ്ടായി. പക്ഷേ പത്രങ്ങളിൽ ഇങ്ങനെ ആത്മഹത്യകളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ വന്നിട്ടുണ്ടെങ്കിലും ഗവൺമെന്റ് അതു ascertain ചെയ്തിട്ടില്ല പോലും. Ascertain ചെയ്യാൻവേണ്ടി ശ്രമിക്കുകയാണ് എന്നുള്ള നിലയിൽ, വളരെ സംശയാസ്പദമായിട്ടുള്ള നിലയിൽ, കേരളത്തിലെ നിർഭാഗ്യവാന്മാരായിട്ടുള്ള കൃഷിക്കാർക്ക് ലഭിക്കേണ്ടതായിട്ടുള്ള ആനുകൂല്യങ്ങൾ നിഷേധിക്കാൻ കേന്ദ്ര ഗവൺമെന്റിന് അവസരം നൽകത്തക്ക നിലയിലുള്ള ഒരു സമീപനമാണ് ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. അതുകൊണ്ട് ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ തെറ്റിദ്ധാരണ മാറ്റിയെടുക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് എന്തു സമീപനമാണ് സ്വീകരിക്കാൻ പോകുന്നത്? ആന്ധ്രാപ്രദേശിലും

LIBRARY ARCHIVES Kerala Legislative Assembly

മറ്റും ഒരു പാക്കേജ് പദ്ധതി തന്നെ പ്രഖ്യാപിച്ച് ആനുകൂല്യങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നതായി നാം കണ്ടു. അതുപോലെതന്നെ കർണ്ണാടകത്തിലും. ചെറുതും വലുതുമായിട്ടുള്ള ആത്മഹത്യകൾ നടന്നിട്ടുള്ള സ്ഥലങ്ങളിൽ എല്ലാംതന്നെ കേന്ദ്രഗവൺമെന്റ് ഈ തരത്തിലുള്ള സഹായം നൽകിക്കൊണ്ടിരിക്കുമ്പോൾ, ഗവൺമെന്റിന്റെ തന്നെ ആധികാരികമായ കണക്കനുസരിച്ച് കേരളത്തിൽ ഏതാണ്ട് 871-ഉം വയനാട്ടിൽ മാത്രം നൂറോളം ആളുകൾ ആത്മഹത്യ ചെയ്തതും കൂടി കൂട്ടിയാൽ ആയിരത്തോളം ആളുകൾ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നും കാണാം. ബഹുമാനപ്പെട്ട മന്ത്രി ആത്മഹത്യ ചെയ്യരുതെന്ന് ഉപദേശിക്കുന്നതായും കേട്ടു. നല്ലതു തന്നെ. ആത്മഹത്യ ചെയ്തിട്ടാണല്ലോ ചെയ്യരുതെന്നു പറയേണ്ടിവന്നത്. എന്നിട്ടും അവർ കേന്ദ്ര കൃഷി മന്ത്രിയെ അറിയിച്ചിരിക്കുന്നതു അങ്ങനെ യാതൊരു മരണവും നടന്നിട്ടില്ല എന്നാണ്. ദുരഭിമാനമല്ലെങ്കിൽ എന്താണ് ഈ മറുപടിക്ക് അർത്ഥമെന്നു മനസ്സിലാകുന്നില്ല. ഏതായാലും ഉണ്ടായിട്ടുള്ള തെറ്റ് നിഷ്കളങ്കമായി തിരുത്തി, നമ്മുടെ പാവപ്പെട്ട കൃഷിക്കാരെ കടത്തിൽനിന്നും രക്ഷിക്കാൻ, തയ്യാറാകണം. കടം തന്നെ ഏതു തരത്തിലുള്ള കടമാണ്: പലിശയും പിഴപ്പലിശയും, ഈ തരത്തിലുള്ള കടത്തിനു വിധേയരായി അതൊന്നും തന്നെ തിരിച്ചടയ്ക്കാൻ യാതൊരു നിർവാഹവുമില്ലാതെയാണ് അവർ മരിച്ചത്. ആ നിലയിൽ മരണം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. വയനാട്ടിൽ വിശേഷിച്ചും. ആലപ്പുഴ ജില്ലയിലെ ചെറുതന പഞ്ചായത്തിൽ, ശ്രീ. ടി. കെ. ദേവകുമാറിന്റെ മണ്ഡലമായ ഹരിപ്പാട്ട്, ഇതുപോലെ ഒരു ആത്മഹത്യ ഉണ്ടാകുകയും ഞാനടക്കം അവിടെ പോകുകയും ചെയ്തതാണ്. അവിടത്തെ സ്ഥിതിഗതികൾ അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്, സ്ഥലമില്ലാത്ത കൃഷിക്കാർ പാട്ടത്തിനു ഭൂമി വാങ്ങുകയാണ് ചെയ്തതെന്നാണ്. ഭൂമിയില്ലാത്തതുകൊണ്ട് അവർക്ക് ആരും കടം കൊടുക്കുകയില്ല. പിന്നെ കടം വാങ്ങിയതെങ്ങനെ എന്നു അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് ബ്ലേഡുകാരിൽനിന്നാണ് കടം വാങ്ങിയത് എന്നാണ്. ബ്ലേഡുകാർക്ക് 30 ശതമാനമാണ് പലിശ. വാങ്ങിയ പണം കൊടുക്കാൻ യാതൊരു നിർവ്വാഹവുമില്ലാതെയാണ് ആ വീട്ടുകാർ ആത്മഹത്യ ചെയ്തത്. ഈ നിലയിൽ വളരെ വിഷമകരമായ സ്ഥിതി അനുഭവിച്ചുകൊണ്ടിരിക്കുന്ന കൃഷിക്കാരുടെ യഥാർത്ഥ അവസ്ഥ നമ്മൾ മനസ്സിലാക്കണം, അന്വേഷിക്കണം. അടിയന്തിര നടപടികൾ സ്വീകരിച്ച് നിർഭാഗ്യവാന്മാരായിട്ടുള്ള ആളുകളെ സഹായിക്കാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ? കേന്ദ്രത്തെ ശരിയായ വിവരം ധരിപ്പിച്ചിട്ട് അടിയന്തിരമായി സഹായം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ഇക്കാര്യങ്ങൾ മറ്റുള്ള മെമ്പർമാരാണ് പറഞ്ഞിരുന്നതെങ്കിൽ മനസ്സിലാക്കാമായിരുന്നു. ഇതു പറയുന്നതു പ്രതിപക്ഷനേതാവാണ്. തെറ്റും നുണയുമായിട്ടുള്ള കാര്യങ്ങൾ ആവർത്തിച്ചാൽ അതു നേരാകുമോ? ആറു മാസത്തിനിടയിൽ മരണം കൂടിയിട്ടുണ്ടോ എന്നാണ് പാർലമെന്റിൽനിന്നുള്ള ചോദ്യം. ഞാൻ എഴുതിയ എഴുത്തിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കാൻ കൊടുത്തു. ശ്രീ. കെ. പി. രാജേന്ദ്രനും കൊടുത്തു. ആറു മാസത്തിനിടയിൽ കൂടിയിട്ടുണ്ടോ എന്നുള്ളതാണ് ചോദ്യം. ഞാൻ അതിനു മറുപടി എഴുതി പത്രത്തിൽ റിപ്പോർട്ടു വന്നിട്ടുണ്ടെങ്കിലും ഗവൺമെന്റിന് ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

ശരിയായിട്ടുള്ള കണക്ക് ലഭിച്ചിട്ടില്ല, കൂടിയോ ഇല്ലയോ എന്നു പറയാൻ കഴിയില്ല എന്നാണ്. ഡീറ്റെയിൽസ് കളക്ടു ചെയ്യുകയാണ്. നിങ്ങൾക്കു വേണമെങ്കിലും അതു തരാം. ശ്രീ. കെ. പി. രാജേന്ദ്രൻ അന്ന് എന്നെ ഒരുപാടു ശകാരിച്ചുകൊണ്ടു സംസാരിച്ചു. ഞാൻ കൃഷിക്കാരുടെ ശത്രുവാണ്, അഹങ്കാരിയാണ് എന്നൊക്കെ പറഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞു ഞാൻ കൊടുത്ത മറുപടിയുടെ കോപ്പി അദ്ദേഹത്തിനു കൊടുത്തു. പിന്നീട് ശ്രീ. കെ. പി. രാജേന്ദ്രനു പശ്ചാത്താപം തോന്നി. അദ്ദേഹം എന്നെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലേയ്ക്കു ക്ഷണിച്ചു. ഒരു ചോദ്യം ചോദിച്ചാൽ ആ ചോദ്യത്തിനുമാത്രമേ മറുപടി കൊടുക്കാൻ പറ്റൂ. വേറെ ആരെങ്കിലും ആ വിധത്തിൽ കൊടുത്തു എന്നു പറഞ്ഞാൽ ഞാൻ കുറ്റക്കാരിയാകുമോ? ഞാൻ പറഞ്ഞിട്ടില്ല.....(ബഹളം)..... I am speaking. I am not yielding..... ഞാൻ വഴങ്ങുന്നില്ല.. .I am not yielding എന്തു വേണമെങ്കിലും പറഞ്ഞോളൂ. ഒച്ച വേണമെങ്കിൽ വെച്ചുകൊള്ളിൻ .....(ബഹളം).....

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ആറു മാസത്തിനിടയിൽ നടന്ന ആത്മഹത്യകളുടെ റിപ്പോർട്ടാണിത്.....(ബഹളം).....

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ:</u> ഈ മറുപടി കൊടുത്തു കഴിഞ്ഞതിനുശേഷം, പത്രത്തിൽ വന്നു കഴിഞ്ഞതിനുശേഷം ഞാൻ ശരത്പവാറിന് ഒരു കത്തെഴുതി. ഞാൻ ഇങ്ങനെ മറുപടി തന്നത് ഇന്ന ചോദ്യത്തിന്റെ ഉത്തരമായിട്ടാണ്. കേരളത്തിൽ മരണം സംഭവിച്ചിട്ടുണ്ട്, അതിന്റെ ഡീറ്റെയിൽഡ് കണക്കു ശേഖരിച്ച് കേന്ദ്രഗവൺമെന്റിന് അയയ്ക്കുന്നതാണെന്നും എഴുതി. ആന്ധ്രാപ്രദേശിൽ കൊടുത്തിരിക്കുന്ന ആനുകൂല്യം കേരളത്തിലെ കൃഷിക്കാർക്കും അങ്ങു തരണമെന്നു പറഞ്ഞുകൊണ്ട് എഴുത്ത് എഴുതി.....(ബഹളം).....

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> നിങ്ങൾക്ക് ഡൽഹിയിൽപ്പോയിക്കൂടെ? .....(ബഹളം).....

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ:</u> അതിനുശേഷം ഗവൺമെന്റ് കണക്കുകൾ ശേഖരിച്ചു. റവന്യൂ ഡിപ്പാർട്ടുമെന്റും ഹോം ഡിപ്പാർട്ടുമെന്റുമൊക്കെ കൂടിയിരുന്ന് ചർച്ച ചെയ്ത് ഗവൺമെന്റ് ഒരു കണക്ക് ഏല്പിച്ചു. ഇന്നും എല്ലാ ജില്ലകളിൽ നിന്നും ശരിയായിട്ടുള്ള കണക്കുകൾ ലഭിച്ചിട്ടില്ല..... (ബഹളം) ..... കിട്ടിയ കണക്കനുസരിച്ച് മരണം, വയനാട്- 22, കണ്ണൂർ-1, ഇടുക്കി-1, തിരുവനന്തപുരം-1, പാലക്കാട്-1, ആലപ്പുഴ-1..... (ബഹളം) .....വിശദമായ കണക്ക് ഇനിയും കിട്ടേണ്ടിയിരിക്കുന്നു. ഈ ഗവൺമെന്റിനെപ്പോലെ കൃഷിക്കാർക്ക് ഇത്രയും ആനുകൂല്യം കൊടുത്ത ഗവൺമെന്റ് വേറെയുണ്ടോ? വയനാട്ടിന്റെ ചാർജ്ജ് കോ-ഓപ്പറേറ്റീവ് വകുപ്പ് മന്ത്രിക്കാണ് നൽകിയിരിക്കുന്നത്. ശ്രീ. എം. വി. രാഘവൻ അവിടെ ചെന്ന് മരണം റിപ്പോർട്ടു ചെയ്തിട്ടു വിവരം ഞങ്ങളെ അറിയിച്ചു. ഈ ഗവൺമെന്റിന്റെ പണം എത്തുന്നതിനുമുമ്പ് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നും രൂപയെടുത്താണ്

LIBRARY ARCHIVES Kerala Legislative Assembly

11 മരണം സംഭവിച്ചവരുടെ കുടുംബത്തിന് കൊടുക്കാനുള്ള ഏർപ്പാട് അദ്ദേഹം ചെയ്തത്..... (ബഹളം).....കഴിഞ്ഞ ഗവൺമെന്റ് ചെയ്തത് എന്താണെന്ന് നാട്ടുകാർക്കെല്ലാം അറിയാം. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് ആവശ്യമായിട്ടുള്ള എല്ലാവിധ സഹായങ്ങളും ചെയ്യും. കേന്ദ്രത്തിൽനിന്നും ആവശ്യമായിട്ടുള്ള സഹായങ്ങൾ വാങ്ങിക്കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കും..... (ബഹളം).....

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രദ്ധക്ഷണിക്കലിന് മറുപടിയായി കാർഷിക മേഖലയിലെ പ്രതിസന്ധിമൂലം കഷ്ടപ്പെടുന്ന കൃഷിക്കാരെ സഹായിക്കാൻ ഗവൺമെന്റ് സ്വീകരിച്ച പല നടപടികളെക്കുറിച്ചും ഇവിടെ വിശദീകരിക്കുകയുണ്ടായി. ആ നടപടികളുടെ ഫലമായി കൃഷിക്കാർക്ക് കുറെയൊക്കെ ആശ്വാസമുണ്ടായിട്ടുണ്ട്. പക്ഷെ ഇനിയും ആശ്വാസ നടപടികളുണ്ടാകണമെന്നതുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് സാധാരണയിൽ കവിഞ്ഞ നിലയിലുള്ള ബാദ്ധ്യതകളാണ് ഗവൺമെന്റ് ഏറ്റെടുത്തത്. അങ്ങനെയാണ് കുട്ടനാട്, വയനാട്, ഇടുക്കി എന്നീ ജില്ലകളിലുള്ള കൃഷിക്കാരെ സഹായിക്കാനുള്ള നടപടികളെടുത്തത്. കേരളത്തിന്റെ ചരിത്രത്തിൽ വരൾച്ചയുണ്ടായ കാലഘട്ടങ്ങളിലും വെള്ളപ്പൊക്കമുണ്ടാകുന്ന കാലഘട്ടങ്ങളിലുമെല്ലാം കാലാകാലങ്ങളിൽ ഭരിച്ചിരുന്ന ഗവൺമെന്റുകൾ നൽകിയിരുന്നതിന്റെ ഇരട്ടി തുകയാണ് നഷ്ടപരിഹാരമായി നൽകാൻ ഈ ഗവൺമെന്റ് തീരുമാനമെടുത്തത്. നേരത്തെക്കിട്ടിക്കൊണ്ടിരുന്നതിനേക്കൾ ഇരട്ടിത്തുകയാണ് നഷ്ടപരിഹാരമായി കൊടുക്കുന്നത്. നെൽകൃഷി, കാപ്പികൃഷി, കുരുമുളക് കൃഷി, അടയ്ക്കാ കൃഷിയുൾപ്പെടെ 38 ഇനം കാർഷിക വിളകൾ കൃഷിചെയ്യുന്ന കൃഷിക്കാർക്ക് കേരളത്തിൽ ഇതുവരെ ഭരിച്ച ഗവൺമെന്റുകൾ നൽകിയിരുന്നതിനേക്കാൾ ഇരട്ടിത്തുക നഷ്ടപരിഹാരമായി ഈ സർക്കാർ വർദ്ധിപ്പിച്ചു. കൃഷിക്കാർ എടുത്തിട്ടുള്ള കാർഷികകടങ്ങൾക്കെല്ലാം കേരളത്തിൽ ആദ്യമായി ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെകൂടി സഹായത്തോടെ കൃഷിക്കാർക്ക് ഒരു പാക്കേജ് ഏർപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. മോറട്ടോറിയം പ്രഖ്യാപിച്ച ആ കാലത്തെ പലിശ ഗവൺമെന്റ് കൊടുക്കാൻ തീരുമാനിച്ചു. പിഴപലിശ കുറയ്ക്കാൻ തീരുമാനിച്ചു. ദേശസാൽകൃത ബാങ്കിന്റെ പ്രതിനിധികളെ തിരുവനന്തപുരത്തു വിളിച്ചുകൂട്ടി അവരോട് കൃഷിക്കാരുടെ പലിശയും പിഴപലിശയും ഇളവുചെയ്യണമെന്ന് ആവശ്യപ്പെട്ടു. സർക്കാർ എടുത്ത തീരുമാനങ്ങൾപോലെ അവരോടും സഹകരിക്കണമെന്നു പറഞ്ഞു. കഴിഞ്ഞ വർഷം കൊടുത്തതിന്റെ ഇരട്ടി തുക ഈ വർഷം കാർഷിക ലോണായി കൊടുക്കാമെന്ന് എല്ലാ ബാങ്കുകളും സമ്മതിച്ചു. കൃഷിക്കാർക്ക് ഇനിയും പോരായ്മകളുണ്ട്. ഇതുകൊണ്ടൊന്നുമായില്ല. കേരളത്തിന്റെ ചരിത്രത്തിൽ സമീപ കാലത്തൊന്നുമുണ്ടാകാത്ത തരത്തിലുള്ള ദുരന്തങ്ങളാണുണ്ടായത്. കൃഷിക്കാർ പ്രയാസപ്പെടുന്നു. ആദിവാസികൾ പ്രയാസപെടുന്നു. ഇപ്പോൾ ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ കാര്യങ്ങൾ ഇവർക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണമെന്നുള്ളതാണ് സർക്കാരിന്റെ അഭിപ്രായം. അതിന് നമുക്കൊരുമിച്ച് നിൽക്കാം. തീരപ്രദേശത്തുണ്ടായ വെള്ളപ്പൊക്കത്തിന്റെ ഫലമായി തൊഴിലാളികളുടെ തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ടു. നമ്മൾ കാലാവസ്ഥയെക്കുറിച്ചുള്ള മുന്നറിയിപ്പ് കൊടുക്കും. കാറ്റിന്റെ വേഗത 40 കിലോമീറ്ററാണ്, 55 കിലോമീറ്ററാണ്, 100 കിലോമീറ്ററാണ്, അതുകൊണ്ട് മൽസ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ് കൊടുക്കും. അങ്ങനെ തൊഴിലാളികൾക്ക് കടലിൽ പോകാൻ പറ്റുകയില്ല. അവർ പട്ടിണിയിലാകും. ഇതെല്ലാം സാധാരണയുണ്ടാകുന്ന ദുരന്തങ്ങളാണ്. മുൻ വർഷങ്ങളേക്കാൾ വൻപിച്ച ദുരന്തമാണ് ഈ വർഷമുണ്ടായിട്ടുള്ളത്. പക്ഷെ ദുരന്തമുണ്ടായ അവസരത്തിൽ കൃഷി വകുപ്പുമന്ത്രി പറഞ്ഞത് കേരളത്തിലെ മറ്റ് ഗവൺമെന്റുകൾ കൊടുത്തിരുന്നതിനേക്കാൾ കൂടുതൽ സാമ്പത്തിക സഹായം ഈ സർക്കാർ കൊടുത്തു എന്നാണ്. നാചറൽ കലാമിറ്റി ഫണ്ടിലുണ്ടായിരുന്ന പണത്തിനു പുറമെ സർക്കാർ കൂടുതൽ പണം അനുവദിച്ചു. ഇത്രയും കാര്യങ്ങൾ ചെയ്തതുകൊണ്ടും കാര്യമായില്ല. അതുപോലെതന്നെ 50,000 രൂപയിൽ താഴെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ ഈ സർക്കാർ ആവശ്യപ്പെട്ടു. തീരുമാനമായിട്ടില്ല. ഇത്രയും കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ചെയ്തു. അതോടൊപ്പം കേന്ദ്രഗവൺമെന്റിന്റെ സഹായത്തിനുവേണ്ടി മെമ്മോറാണ്ടം കൊടുത്തു .....(ബഹളം).....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ആത്മഹത്യ നടന്നിട്ടില്ലെന്ന്.....
.....(ബഹളം).....

ശ്രീ. എ. കെ. ആന്റണി: അങ്ങ് കുറച്ചുകൂടി ക്ഷമിക്കണം. അങ്ങ് പറയുന്നത് മുഴുവൻ ഞങ്ങൾ കേട്ടുകൊണ്ടിരുന്നല്ലോ. ഗവൺമെന്റിന്റെ നിലപാട് അറിയാൻ താൽപര്യമില്ലെങ്കിൽ പറയുന്നില്ല.....(ബഹളം).....കൃഷിക്കാരുടെ ആത്മഹത്യയുടെ കാര്യത്തിലേയ്ക്ക് ഞാൻ വരുന്നുണ്ട്.....(ബഹളം)..... സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഒരുപാട് കാര്യങ്ങൾ ചെയ്തു.....ഇനിയും നമ്മൾ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാം. കൃഷിക്കാരെ സഹായിക്കാനുള്ള പരിപാടികൾ ഈ ഗവൺമെന്റ് തയ്യാറാക്കും. സ്പെഷ്യൽ പാക്കേജുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ സഹായം മാത്രം മതിയോ, കേന്ദ്രവും സഹകരിക്കണ്ടെ? ഞങ്ങൾ രണ്ട് മെമ്മോറാണ്ടം കേന്ദ്ര ഗവൺമെന്റിന് കൊടുത്തു. ആദ്യത്തെ മെമ്മോറാണ്ടത്തിൽ ഞങ്ങൾ 2120 കോടി രൂപ ചോദിച്ചു. രണ്ട് മെമ്മോറാണ്ടത്തിലും കൂടി 2844 കോടി രൂപ ചോദിച്ചു. ഇതുവരെ ഒരു ചില്ലിക്കാശുപോലും കിട്ടിയിട്ടില്ല. ഇതിനകത്ത് ഒരു മറവും കാണിച്ചിട്ടില്ല. ഇത് കേന്ദ്രത്തിൽ കൊടുത്ത മെമ്മോറാണ്ടത്തിന്റെ കോപ്പിയാണ്. ഇതിന്റെ ഒന്നാമത്തെ പേജിൽ ഇറ്റാലിക്സ് അക്ഷരത്തിൽ ..... (ബഹളം)..... ഈ സർക്കാർ ഒരു കാര്യവും മറച്ചുവച്ചിട്ടില്ല.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.....പ്ലീസ്.....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): എന്തിനാണ് കേന്ദ്രത്തെ തെറ്റിദ്ധരിപ്പിച്ചത്.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: ഈ ഗവൺമെന്റ് തെറ്റിദ്ധരിപ്പിച്ചിട്ടില്ല. ഈ ഗവൺമെന്റ് കൊടുത്ത ഒഫിഷ്യൽ മെമ്മോറാണ്ടമാണ് എന്റെ കയ്യിലിരിക്കുന്നത്.....(ബഹളം).....കേന്ദ്രത്തിൽ നിന്നു വന്ന ഒരു പ്രത്യേക ചോദ്യത്തിന്, ഇവിടെ കൃഷിക്കാർ ആത്മഹത്യ ചെയ്തിട്ടില്ലെന്ന് പറഞ്ഞിട്ടില്ല, കേന്ദ്രത്തിൽനിന്നു വന്ന ഒരു പ്രത്യേക ചോദ്യത്തിന് ക്ളാരിഫിക്കേഷൻ കൊടുത്തതാണ്. കേരളാ ഗവൺമെന്റ് ആദ്യം അയച്ചു കൊടുത്തതു മാത്രമല്ല, ഞാൻ നേരിട്ട് മുൻ പ്രധാനമന്ത്രിയുടെ കയ്യിൽ കേരള സർക്കാരിന്റെ ഔദ്യോഗിക മെമ്മോറാണ്ടം കൊടുത്തു. കേന്ദ്ര ധനകാര്യമന്ത്രിക്കും കേന്ദ്ര കൃഷിവകുപ്പുമന്ത്രിക്കും മെമ്മോറാണ്ടം കൊടുത്തു. ആ ഔദ്യോഗിക മെമ്മോറാണ്ടത്തിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് ഞാൻ വായിക്കാം. "Besides a number of instances of farmers committing suicide on account of mounting agricultural losses have also come to light".

ഇത് ഞങ്ങൾ ഇറ്റാലിക്സിൽ പറഞ്ഞിരിക്കുകയാണ്. ഞങ്ങൾ ഒന്നും മറച്ചുവച്ചിട്ടില്ല. .....(ബഹളം)..... ഏപ്രിൽ മാസത്തിലാണ് മെമ്മോറാണ്ടം കൊടുത്തത്. .....(ബഹളം)..... കേരള മന്ത്രിസഭ അംഗീകരിച്ച മെമ്മോറാണ്ടമാണ് അയച്ചു കൊടുത്തത്. .....(ബഹളം)..... നിങ്ങൾ ഒന്ന് ക്ഷമ കാണിക്ക്. ഞാൻ പറയട്ടെ, വസ്തുതകൾ മുഴുവൻ പറയുന്നത് കേൾക്കുന്നതിൽ എന്താണ് ഇത്ര അസഹിഷ്ണുത? ഈ സർക്കാർ പ്രധാനമന്ത്രിക്കും ഉപപ്രധാനമന്ത്രിക്കും ധനകാര്യമന്ത്രിക്കും കേന്ദ്ര കൃഷിവകുപ്പുമന്ത്രിക്കുമെല്ലാം മെമ്മോറാണ്ടം കൊടുത്തു. ആ ഔദ്യോഗിക മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുണ്ട്. Number of instances of farmers committing suicide on account of mounting agricultural losses have also come to light. അതു പറഞ്ഞിട്ട്, 2844 കോടി രൂപ സഹായിക്കണം എന്നു പറഞ്ഞു. കേരളം മാത്രം വിചാരിച്ചാൽ പരിഹാരമുണ്ടാക്കാൻ പറ്റുകയില്ലായെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതിനു വിരുദ്ധമായിട്ട് അങ്ങയുടെ മന്ത്രിസഭയിലെ മന്ത്രി എന്തിനാണ് ഉത്തരം പറഞ്ഞത്?

ശ്രീ. എ. കെ. ആന്റണി: ഞങ്ങൾ കേന്ദ്ര ഗവൺമെന്റിനോട് കാശ് ചോദിച്ചിട്ട് ഇതുവരെ ഒരു ചില്ലി കാശുപോലും തന്നിട്ടില്ല. നിങ്ങൾ എന്ത് നേടിയെടുക്കുന്നതിനും ഞങ്ങളുടെ ക്ളിയറൻസ്കൂടി വേണമെന്നാണല്ലോ ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. അങ്ങയുടെ ക്ളിയറൻസ് കൊടുക്കുക, കേന്ദ്ര ഗവൺമെന്റിനോട് പറയുക. 2844 കോടി രൂപ തരണമെന്ന് നിങ്ങൾകൂടി പറയുക, നിങ്ങളുടെ എം.പി.-മാർകൂടി പറയുക.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ശ്രീ. ശരത്പവാർ എന്ന കൃഷി വകുപ്പുമന്ത്രിയുടെ പ്രസ്താവന പാർലമെന്റിൽ വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മുഖ്യമന്ത്രി എന്നുള്ള നിലയിൽ ഞാൻ അയച്ച ഞങ്ങളുടെ മന്ത്രിസഭയുടെ റിപ്പോർട്ടിൽ ഇങ്ങനെ നമ്പർ ഓഫ് സൂയിസൈഡ്സ് നടന്നിട്ടുണ്ടെന്ന് ഞാൻ പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ടെന്ന് എന്തുകൊണ്ട് കോണ്ട്രഡിക്ട് ചെയ്തില്ലായെന്നുകൂടി പറയൂ.

ശ്രീ. എ. കെ. ആന്റണി: അങ്ങ് ഇത്രമാത്രം വാശിയോടെ സംസാരിച്ചു. എനിക്ക് അങ്ങയെപ്പോലെ ഒച്ചയെടുത്ത് സംസാരിക്കാൻ പറ്റുകയില്ല. അങ്ങ് കുറച്ചുകൂടി ശാന്തനാകൂ. അങ്ങയുടെ പാർട്ടി ഇപ്പോൾ കേന്ദ്ര ഗവൺമെന്റിനെ പിന്താങ്ങുന്നതിന്റെ പേരിൽ എന്തും പറയാമോ? ഞങ്ങൾ പറയുന്നതുകൂടി ഒന്ന് കേൾക്കൂ. .....(ബഹളം)..... എനിക്കുകൂടി പറയാൻ അവസരം തരൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ് ..... പ്ളീസ് .....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ശ്രീ. എം. പി. വീരേന്ദ്രകുമാർ, ശ്രീ. കെ. കരുണാകരൻ, ശ്രീ. ടി. കെ. ഹംസ, ശ്രീ. സുരേഷ് കുറുപ്പ്, ശ്രീ. ചന്ദ്രപ്പൻ തുടങ്ങിയ ആളുകളുടെ മുഖത്ത് ഇവിടെ യാതൊരു ആത്മഹത്യയും നടന്നിട്ടില്ലായെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള നമ്മുടെ കൃഷിവകുപ്പുമന്ത്രിയുടെ കത്ത് ശരത്പവാർ എന്ന കേന്ദ്ര കൃഷിമന്ത്രി എടുത്ത് എറിഞ്ഞതാണ്. അത് പത്രത്തിലെല്ലാം വന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സുഹൃത്തേ, താങ്കൾ നമ്പർ ഓഫ് സൂയിസൈഡ്സ് ഇൻ കേരള എന്നുള്ളത് ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്ര സഹായത്തിനായി ഞാൻ പ്രധാനമന്ത്രിക്ക് ഇങ്ങനെ ഒരു കത്ത് അയച്ചിട്ടുണ്ടെന്ന് ഇതുവരെ പറഞ്ഞില്ല. നിങ്ങൾ ഇവിടെ ബഹുമാനപ്പെട്ട ഗൗരിയമ്മയുടെ ന്യായീകരണത്തെപ്പറ്റി ദീർഘമായി പരാമർശിക്കുന്നതിനിടയിൽ ഒരു പരാമർശനംപോലും കേരളത്തെയാകെ അപമാനിക്കുന്നവിധത്തിലുള്ള മന്ത്രിയുടെ മറുപടിയെ സംബന്ധിച്ച് പറയുന്നില്ല.

ശ്രീ. എ. കെ. ആന്റണി: അങ്ങ് പ്രതിപക്ഷ നേതാവാണ്. ഇപ്പോൾ സംസാരിച്ചുകൊണ്ടുനിൽക്കുന്നത് ഞാനാണ്. പ്രതിപക്ഷ നേതാവ് സഭയുടെ നടപടിക്രമം തെറ്റിക്കുന്നത് ശരിയാണോ? ഞാൻ സംസാരിക്കുന്നു. മൈക്ക് എനിക്കാണ്. അങ്ങ് ചെയ്യുന്നത് ശരിയാണോ? .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ് .....പ്ളീസ് .....

ശ്രീ. എ. കെ. ആന്റണി: സാധാരണ പുതിയ മെമ്പർമാർ അവിവേകമായി പ്രവർത്തിച്ചാൽ മനസ്സിലാക്കാം. മുഖ്യമന്ത്രി ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി പ്രസംഗിക്കുന്നു. മൈക്ക് എനിക്കാണ്. എന്നെ സംസാരിപ്പിക്കാതെ തുടർച്ചയായി പ്രതിപക്ഷ നേതാവ് സംസാരിച്ചുകൊണ്ടിരിക്കുന്നത് നടപടി ക്രമമാണോ? ഇത് മര്യാദയാണോ? .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ്.....പ്ളീസ് .....

.....(ബഹളം).....

ശ്രീ. എ. കെ. ആന്റണി: ഞങ്ങൾ കേന്ദ്രത്തിൽ എല്ലാ വസ്തുതകളും ധരിപ്പിച്ചിട്ടുണ്ട്. 2844 കോടി രൂപയുടെ സഹായം ചോദിച്ചിട്ടുണ്ട്. 50,000 രൂപയിൽ താഴെയുള്ള കടങ്ങൾ എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൃഷിക്കാരെ സഹായിക്കാൻവേണ്ടി, വരൾച്ചമൂലം കഷ്ടപ്പെടുന്നവരെ സഹായിക്കാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് കുറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇനിയും ചെയ്യും. പക്ഷേ കേന്ദ്രം കൂടി സഹായിക്കണം. 2844 കോടി രൂപ തരണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുവരെ ഒരു ചില്ലി കാശുപോലും കിട്ടിയിട്ടില്ല. അതുകൊണ്ട് നമുക്ക് അവിടുന്ന് പണം മേടിക്കണം. ഏതായാലും ഞങ്ങൾ ആലോചിച്ച് ഒരു തീരുമാനമെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് പല സംസ്ഥാനങ്ങൾക്കും പണം നൽകുന്ന സാഹചര്യത്തിൽ കേരളത്തിലെ വരൾച്ചാ ദുരിതാശ്വാസത്തിന്റെ കാര്യത്തിലും കൃഷിയുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിനും ഉദാരമായ കേന്ദ്ര സഹായം കിട്ടുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും റവന്യൂ മന്ത്രിയും ധനകാര്യമന്ത്രിയും ഡൽഹിയിൽ പോകുകയാണ്. അവർ പോയി കൃഷി വകുപ്പുമന്ത്രിയേയും മറ്റും കണ്ട് ഈ കാര്യം ധരിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷത്തിലെ എം.പി.-മാരെക്കൂടി ഒന്ന് സഹകരിപ്പിച്ച് നിങ്ങൾകൂടി അവിടെയൊന്ന് പറഞ്ഞ് പണം മേടിച്ചുതരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കടൽ ക്ഷോഭം മൂലം കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കാൻവേണ്ടി, കൃഷിനാശം മൂലം കഷ്ടപ്പെടുന്ന കർഷക തൊഴിലാളികളേയും ആദിവാസികളേയും സഹായിക്കാൻ വേണ്ടി മനുഷ്യസാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യും. ഇനിയും ചെയ്യും. ചെയ്തുകൊണ്ടിരിക്കുകയാണ്. പക്ഷേ സംസ്ഥാന ഗവൺമെന്റ് മാത്രം വിചാരിച്ചാൽ പറ്റുകയില്ല. കേന്ദ്രം കൂടി സഹായിക്കണം. അതിന് വീണ്ടും ഞങ്ങൾ നിരന്തരമായ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ നിങ്ങൾക്ക് എന്തെങ്കിലും ചെയ്യണമെങ്കിൽപോലും ഞങ്ങൾകൂടി ക്ളിയർ ചെയ്യണമെന്ന് എപ്പോഴും എന്നെ ഓർമ്മിപ്പിക്കുന്ന പ്രതിപക്ഷം നിങ്ങളുടെ ആളുകളെകൊണ്ടുകൂടി ശ്രമം നടത്തി പണം വാങ്ങിത്തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഗവൺമെന്റ് ഈ കാര്യത്തെ ഒരു രാഷ്ട്രീയ പ്രശ്നമായി എടുക്കുന്നില്ല. കേരളത്തിലെ കർഷകർ ഇന്ന് കടക്കെണിയിലാണ്. അതിന്റെ ഫലമായി അവർക്ക് ഒരുപാട് പ്രശ്നങ്ങളുണ്ട്. അതുപോലെ കാർഷിക മേഖല, പ്രത്യേകിച്ച് വയനാടൻ മേഖലയിൽ പ്രത്യേക പ്രതിസന്ധിയാണ്. അവരെ സഹായിക്കാൻ ഈ സർക്കാർ കടത്തിന്റെ കാര്യത്തിലും പലിശയുടെ കാര്യത്തിലും പിഴപലിശയുടെ കാര്യത്തിലുമെല്ലാം ചെയ്യാവുന്ന എല്ലാ സഹായങ്ങളും ഇനിയും ചെയ്യും. കേന്ദ്രത്തിൽനിന്നും ആനുകൂല്യങ്ങൾ വാങ്ങിയെടുത്ത് കേരളത്തിലെ കർഷകർക്കുവേണ്ടി ഒരു സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ നമ്മൾ ഏറ്റുമുട്ടണ്ട. നിങ്ങൾക്ക് പറയാനുള്ളത് നിങ്ങൾ പറയുക, ഞങ്ങൾക്ക് പറയാനുള്ളത് ഞങ്ങൾ പറയും. അങ്ങനെ ഒരു നടപടിക്രമത്തിലേയ്ക്ക് ഈ സഭയെ കൊണ്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെന്റ് പരമാവധി എല്ലാ കാര്യങ്ങളും ചെയ്യുമെന്ന് അറിയിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ഇവിടെ യഥാർത്ഥത്തിലുള്ള പ്രശ്നം.....

മി. ഡെ. സ്പീക്കർ : അങ്ങ് ഞാൻ പറയുന്നത് ശ്രദ്ധിക്കണം. സബ്മിഷന് കൊസ്റ്റ്യൻ ഇല്ല.

(മൈക്ക് ഓഫ് ചെയ്തു)

(.....ബഹളം.....)

ശ്രീ. ആര്യാടൻ മുഹമ്മദ് : റൂൾ 304 അനുസരിച്ച് ഒരു മെമ്പർക്ക് സ്പീക്കറുടെ അനുവാദത്തോടുകൂടി ഒരു മാറ്റർ അസംബ്ലിയിൽ പ്രസന്റ് ചെയ്യാം. അത് പോയിന്റ് ഓഫ് ഓർഡർ ആകാൻ പാടില്ല. മന്ത്രി മറുപടി പറയണം എന്നുപോലും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഈ സഭയുടെ കീഴ്‌വഴക്കം മന്ത്രിമാർ മറുപടി പറയൽ ആണ്. അത് ഒരു ഡിബേറ്റ് ആക്കാൻ പാടില്ല. വീണ്ടും വീണ്ടും ആ കാര്യത്തെക്കുറിച്ച് സംസാരിക്കുന്നത് റൂളിന് വിരുദ്ധമാണ്. (.....ബഹളം.....)

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പരാമർശത്തിലും പ്രസംഗത്തിലും പ്രതിപക്ഷത്തിന്റെ സഹകരണത്തെ സംബന്ധിച്ച് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു. ഈ കേരളത്തിന്റെ ജീവൽസ്പർശിയായ ആവശ്യങ്ങൾക്കുവേണ്ടി ഗവൺമെന്റ് നീങ്ങുന്ന എല്ലാ നീക്കങ്ങൾക്കും പ്രതിപക്ഷത്തിന്റെ നിഷ്കളങ്കമായ, നിർലോഭമായ സഹായം ഉണ്ടാകും. ഇവിടെ പ്രശ്നം, കേരളത്തെ അപമാനിക്കുംവിധം യാതൊരു ആത്മഹത്യയും നടന്നിട്ടില്ല എന്നുള്ള ഒരു മറുപടി കേന്ദ്ര കൃഷിമന്ത്രിക്ക് നൽകിയതാണ്. .....(ബഹളം).....

മി. ഡെ. സ്പീക്കർ: പ്ലീസ് .....

ശ്രീ. വി. എ.സ്. അച്ചുതാനന്ദൻ: യഥാർത്ഥ വസ്തുതകൾ ഈ സഭയിൽ നിന്നും മറച്ചു വച്ച് കേരളത്തിൽ യാതൊരു ആത്മഹത്യയും നടന്നിട്ടില്ല എന്ന് കേന്ദ്ര കൃഷിമന്ത്രിയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് അയച്ച കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നും പറഞ്ഞിട്ടില്ല. കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഫെർണാണ്ടസ് അമേരിക്കയിൽ പോയപ്പോൾ അദ്ദേഹത്തെ അമേരിക്കൻ ഗവൺമെന്റ് അപമാനിച്ചത് ദേശീയ അപമാനമായി കരുതിയതുപോലെ കൃഷിമന്ത്രിയുടെ ഈ മറുപടി കേരളത്തിലാകെ അപമാനം വരുത്തിവച്ചിരിക്കുന്നു എന്നുള്ളതുകൊണ്ട് ഞങ്ങൾ ഗവൺമെന്റിന്റെ ഈ തെറ്റായ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് ചെയ്യുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയ്ക്ക് പുറത്തുപോയി)

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, 5-ാം തീയതി കൃഷി വകുപ്പുമന്ത്രി പറഞ്ഞതായിട്ടുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ കള്ളത്തരം പറയുന്നു എന്ന് കാണിച്ച് ഇവിടെ ലഹള തുടങ്ങി. ശ്രീ. രാജേന്ദ്രൻ ഇവിടെ ഉന്നയിക്കുകയും സംസാരിക്കുകയും ചെയ്തപ്പോൾ പത്രത്തിൽ കണ്ട കാര്യങ്ങൾ വച്ചുകൊണ്ടാണ് ഇവിടെ ലഹള തുടങ്ങിയത്. ഇവിടെ ഗവൺമെന്റ് കൊടുത്തിട്ടുള്ളതായ മറുപടിയിലെ ചോദ്യം ഇതായിരുന്നു. Whether cases of suicide by farmers in the country particularly in Andra Pradesh and Kerala have increased during the last six months? ആ ചോദ്യം പറഞ്ഞതിന്റെ കൂട്ടത്തിൽ.....

മി. ഡെ. സ്പീക്കർ: ഇത് നിരവധി തവണ പറഞ്ഞതാണ്.

(.....ബഹളം.....)

ശ്രീമതി കെ. ആർ. ഗൗരിയമ്മ: അങ്ങ് ഇങ്ങനെ പറഞ്ഞതിൽ ദു:ഖമുണ്ട് സർ. ഈ നിയമസഭയിൽ അനാവശ്യമായി അസത്യം നൂറു തവണ ആവർത്തിച്ച് പറഞ്ഞപ്പോൾ അങ്ങ് കാണിക്കാത്തതായിട്ടുള്ള ഈ അസഹിഷ്ണുത ഇപ്പോൾ കാണിച്ചതിൽ ദു:ഖമുണ്ട്. .....(ബഹളം)..... അന്ന് എഴുതികൊടുത്ത

LIBRARY ARCHIVES Kerala Legislative Assembly

മറുപടി ഇതാണ്. So it cannot be said at this stage that there had been any increase in the cases of suicides by the farmers, in Kerala during the last six months. Details are being collected. പാർലമെന്റിലേയ്ക്ക് എഴുതിക്കൊടുത്ത മറുപടിയാണ് ഞാൻ വായിച്ചത്. ഇവർ പറയുന്നതുപോലെ കൊടുക്കാൻ ഗവൺമെന്റിന്റെ കയ്യിൽ കണക്കില്ലെങ്കിൽ കൊടുക്കാൻ പറ്റില്ല. കൂടിയിട്ടുണ്ടോ എന്ന് കണക്കില്ലാത്തതിനാൽ കണക്കില്ല—വിവരം ശേഖരിക്കുന്നു എന്നു പറഞ്ഞു കഴിഞ്ഞതിനുശേഷം നിരവധി തവണ ആ കാര്യങ്ങൾക്കായി ബഹളം വച്ചു. അത്കഴിഞ്ഞ് ഞാൻ ശ്രീ. ശരത്പവാറിന് കത്ത് എഴുതി. അതു കൂടി വായിക്കാം. 'I invite your kind attention to the reply you had given to the Lok Sabha, starred question No. 3 on 5th July, 2004 and the reply we had given to it. A photocopy of the question supplied by your Ministry and the reply given by Agriculture Department of Kerala Government are appended for ready reference. We had not stated in the reply that there had been no case of suicides by the farmers in Kerala. We have given emphasis to the fact whether there had been any increase in the suicide by the farmers during the last six months which was the specific issue raised in that question. We had also informed your Ministry that the details are being collected. I would very much appreciate if you would kindly take appropriate steps to inform the Lok Sabha of the correct position. We are collecting authentic details of suicides by farmers in the State, which will be furnished to Government of India as early as possible. I also hope that Government of India will be generous in providing assistance to the families of those farmers who had to take their own lives due to acute distress and indebtedness'.

(സഭ വിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി)

.....(ബഹളം).....കുറച്ച് ദിവസമായി ഇത് തുടങ്ങിയിട്ട്. കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി ചെയ്തത് അവരാണെന്ന് വരുത്തി തീർക്കാൻവേണ്ടി കള്ളങ്ങൾ നിയമസഭയിൽ പറയുകയാണ്. .....(ബഹളം).....മുഖ്യമന്ത്രി പറഞ്ഞതുപോലെ ഞങ്ങൾ ആലോചിച്ച് ഒരു മെമ്മോറാണ്ടം കൊടുത്തു. നിയമസഭയുടെ ഓരോ ദിവസവും ഉള്ള മറുപടികളും ബാക്കിയുള്ള കാര്യങ്ങളും കൊടുക്കേണ്ടതായിട്ടുള്ള സ്ഥിതിവിശേഷം ഉള്ളതുകൊണ്ടാണ് ചെയ്തത്. ഏത് ദിവസം എന്നുള്ളത് തീരുമാനിക്കുന്നത് ഭരണപക്ഷമാണ് എന്നാൽ ഡൽഹിയിൽ പോകുന്നതും ആവശ്യമായിട്ടുള്ള വിധത്തിൽ കേരളത്തിന്റെ ബുദ്ധിമുട്ടുകൾ പറഞ്ഞ് കിട്ടാവുന്ന സഹായം വാങ്ങിക്കുന്നതിനുമുള്ള നടപടിയെടുക്കും.

(2) പൂഴിക്കാട് ചിറ എന്ന സ്ഥലം പന്തളത്തെ പ്രവാസി മലയാളികൾക്ക് ലീസിന് നൽകുന്നത് സംബന്ധിച്ച്

ശ്രീ. കെ. കെ. ഷാജു: സർ, എന്റെ നിയോജകമണ്ഡലമായ പന്തളത്തും പരിസര പ്രദേശത്തുംനിന്ന് വിദേശത്തുപോയിട്ടുള്ള വിദേശ മലയാളികളായിട്ടുള്ള ആളുകൾ 59/2004 എന്നുള്ള നമ്പരിൽ ചാരിറ്റബിൾ സൊസൈറ്റീസ്
11 a.m.] ആക്ട് അനുസരിച്ച് പന്തളം കേന്ദ്രമാക്കി ഒരു ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്. പന്തളത്ത് നിന്നും പരിസരപ്രദേശങ്ങളിൽ നിന്നുമായിട്ട് അയ്യായിരത്തിലധികമാളുകൾ

LIBRARY ARCHIVES Kerala Legislative Assembly